**മധുരമായ കുട്ടികളേ – നിങ്ങൾ ബ്രാഹ്മണർ തന്നെയാണ് ഈശ്വരീയവിദ്യാർഥികൾ. നിങ്ങൾക്ക് ബാബ രചനയുടെയും രചയിതാവിന്റെയും ജ്ഞാനം തന്ന് മാസ്റ്റർ എല്ലാമറിയുന്നയാൾ ആക്കി മാറ്റിയിരിക്കുന്നു. ഇപ്പോൾ നിങ്ങൾ സർവതും അറിയുന്നു.**

**ചോദ്യം** : മറ്റുള്ളവർക്കു മനസിലാക്കിക്കൊടുക്കുവാനുള്ള യുക്തി ഏതു കുട്ടികളിലാണുള്ളത്?
**ഉത്തരം** : ആർക്കാണോ ജ്ഞാനത്തിന്റെ മൂലധനം ഉള്ളത് ആരാണോ സ്വയം ഓരോ കാര്യങ്ങളെയും മനസിലാക്കി ധാരണ ചെയ്യുന്നത് അവർക്കേ മറ്റുള്ളവർക്കു യുക്തിയോടുകൂടി മനസിലാക്കിക്കൊടുക്കാൻ സാധിക്കൂ. നിങ്ങൾക്ക് യുക്തിയോടുകൂടി എല്ലാവർക്കും ബാബയുടെ പരിചയം കൊടുത്ത് അവർക്ക് സമ്പത്തെടുക്കാനുള്ള വിധി പറഞ്ഞുകൊടുക്കണം.

**ഗീതം** : ഭാഗ്യം ഉണർത്തി വന്നിരിക്കുകയാണ്....

**ഓം ശാന്തി**. വാസ്തവത്തിൽ ഈ ഗീതം പാടുന്നതിന്റെ ആവശ്യകതയൊന്നുമില്ല. എന്നാൽ ആനന്ദിപ്പിക്കാൻ വേണ്ടി ഈ ശബ്ദമുണ്ടാക്കേണ്ടതായി വരുന്നു.വാസ്തവത്തിൽ ആത്മാവിന് ശബ്ദമുണ്ടാക്കേണ്ടതിന്റെ ആവശ്യമില്ല. ആത്മാവ് ശബ്ദത്തിനുപരി നിർവാണധാമത്തിലേയ്ക്കു പോകുന്നതിനുവേണ്ടി ആഗ്രഹിക്കുന്നു. ഒരുപാടു താളമേളങ്ങളും കൈകൊട്ടുകളും കേട്ട് ആത്മാവ് ക്ഷീണിച്ചുപോയിരിക്കുന്നു. അതുകൊണ്ട് ഇപ്പോൾ ബാബയെ ഓർമിക്കുകയാണ്. ഹേ, ഭഗവാൻ എന്നെ കൊണ്ടുപോകൂ. കുട്ടികൾ മനസിലാക്കുന്നുണ്ട്– ഈ ബാബ നമുക്ക് മനസിലാക്കിത്തരികയാണ് എന്ന്. വീട്ടിൽ അച്ഛനും മുത്തച്ഛനും കുട്ടികളേ, കുട്ടികളേ എന്നു വിളിയ്ക്കാറുള്ളതുപോലെ. മുത്തച്ഛൻ ഇങ്ങനെ വിളിയ്ക്കാറില്ല–പേരക്കുട്ടീ ഇവിടെ വരൂ. രണ്ടുപേരും കുട്ടികളേ ഇവിടെ വരൂ എന്നു തന്നെയാണ് പറയുന്നത്. ഇവിടെ ബാബയും ദാദയും –സാകാരനും നിരാകാരനും രണ്ടുപേരും ഒന്നിച്ചാണ്. വാസ്തവത്തിൽ എല്ലാ മനുഷ്യർക്കും ഇവർ ബാബയും ദാദയുമാണ്. അതുകൊണ്ട് തീർച്ചയായും പരംപിതാപരമാത്മാവിന് സൃഷ്ടി രചിയ്ക്കാൻ വരേണ്ടതായി വരും. നിങ്ങളുടെ പേര് വളരെ നല്ലതായിട്ടാണ് വെച്ചിട്ടുള്ളത്. ബ്രഹ്മാകുമാർ കുമാരിമാർ. ആബുവിൽ അധർദേവിയുടെയും കുമാരികന്യകയുടെയും ക്ഷേത്രമുണ്ട്. അതുകൊണ്ട് ഒരു കന്യക മാത്രമല്ല ഉണ്ടായിരിക്കുക, തീർച്ചയായും വളരെയധികമുണ്ടായിരിക്കും. രണ്ടുപേരുടെയും വ്യത്യസ്തക്ഷേത്രങ്ങളാണ്. അധർകുമാരി എന്ന് ആരെയാണ് പറയുന്നത്, കുമാരി കന്യ എന്ന് ആരെയാണ് പറയുന്നത്. ഇത് നിങ്ങൾക്കു മാത്രമാണ് അറിയുന്നത്. ഇവർ ശക്തികളാണ്. ഉള്ളിൽ വളരെ വലിയ ക്ഷേത്രമുണ്ടാക്കിയിട്ടുണ്ട്. വളരെയധികം മുറികളൊക്കെയുണ്ട്. അതുകൊണ്ട് ക്ഷേത്രങ്ങളും സാക്ഷി നൽകുന്നുണ്ട്– കുമാരിമാരും അധർകുമാരിമാരും ഒരുപാടുണ്ടായിരുന്നു എന്നുള്ളതിന്. ചിത്രങ്ങളെന്തെല്ലാമുണ്ടോ അതും ഓർമചിഹ്നമാണ്– ഉണ്ടായിരുന്നു എന്നുള്ളതിന്റെ. ദേവീദേവതമാരുടെ ചിത്രങ്ങളുള്ളതുപോലെ അവർ ഉണ്ടായിരുന്നതു തന്നെയാണ്. അവർ വിശ്വഅധികാരികളായിരുന്നു. ഇപ്പോഴില്ല. വിശ്വത്തിന്റെ രചയിതാവു തന്നെയാണ് ഭാരതത്തെ വിശ്വത്തിന്റെ അധികാരിയാക്കിയത്. എങ്ങനെ? അതാണ് ഇപ്പോൾ പ്രാക്ടിക്കലായി സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ കലിയുഗമാണ്. സത്യയുഗത്തിൽ ആദിസനാതനദേവീദേവതാധർമം ഉണ്ടായിരുന്നു. കലിയുഗത്തിൽ അനേകധർമങ്ങളും അനേകം പ്രജകളുടെ രാജ്യവുമുണ്ട്. നിങ്ങൾ കുട്ടികൾ എപ്പോഴാണ് കേൾക്കുന്നത് അപ്പോൾ മനസിലാക്കുന്നു–ബാബ യഥാർത്ഥ രീതിയിൽ മനസിലാക്കിത്തരുന്നുവെന്ന്. എന്നാൽ എന്തൊക്കെയോ കാരണവശാൽ നമുക്ക് ധാരണയുണ്ടാകുന്നില്ല. അതുകൊണ്ട് മറ്റുള്ളവർക്ക് ധാരണ ചെയ്യിക്കാനും സാധിക്കുന്നില്ല. എന്തെങ്കിലുമൊക്കെ വിഘ്നങ്ങളുണ്ടാകുന്നു. നമ്മൾ ഡൾ സ്റ്റുഡന്റ്സ് ആണ്. ബാക്കി ബാബ വളരെ നല്ല രീതിയിൽ മനസിലാക്കിത്തരുന്നുണ്ട്. അനേകമനുഷ്യർ അനേകധർമമാണ്. 5000 വർഷം മുമ്പ് ഭാരതം സ്വർഗമായിരുന്നു. വളരെ കുറച്ചു മനുഷ്യരേ ഉണ്ടായിരുന്നുള്ളൂ. സൂര്യവംശികളും ചന്ദ്രവംശികളും മാത്രം. ആ ആത്മാക്കൾ പരംധാമത്തിൽ നിന്നും വന്നിരുന്നു, തന്റെ പാർട്ട് അഭിനയിക്കാൻ വേണ്ടി. ബാക്കി സർവധർമങ്ങളിലുള്ള ആത്മാക്കളും നിർവാണധാമത്തിലായിരുന്നു. ഇപ്പോൾ അനേകധർമങ്ങളാണ്. ബാക്കി ദേവീദേവതാധർമം പ്രായലോപം സംഭവിച്ചു. അതുകൊണ്ട് തീർച്ചയായും സത്യയുഗം വീണ്ടും ഉണ്ടാവുക തന്നെ ചെയ്യും. പരംപിതാപരമാത്മാവിനു തന്നെയാണ് വന്ന് വീണ്ടും സ്വർഗം രചിയ്ക്കേണ്ടതായിട്ടുള്ളത്. ഭക്തർ ആരാണോ ഭഗവാനെ ഓർമിക്കുന്നത് അവർക്ക് ഭക്തിയുടെ ഫലം തരാൻ വേണ്ടി ഇവിടെ വരേണ്ടതായിവരും. ബാക്കി എല്ലാവർക്കും മുക്തിധാമത്തിലേക്കുപോകണം. വേറെയാർക്കും തന്നെ തിരിച്ചു വീട്ടിലേക്കു കൊണ്ടുപോകാൻ സാധിക്കില്ല. അഥവാ ഏതെങ്കിലും ഗുരുവിന് സദ്ഗതിയുടെ വഴി അറിയുമെങ്കിൽ അവരുടെ പി

ന്നാലെ ലക്ഷം ശിഷ്യന്മാർ കൂടുമായിരുന്നു. ആ യാത്രകളിൽ പോയി വീണ്ടും തിരിച്ചുവരികയാണ് ചെയ്യുന്നത്. എന്നാൽ മുക്തിധാമത്തിൽ നിന്ന് തിരിച്ച് വീണ്ടും വരുന്നതെന്തിനാണ്! ഒരാൾക്ക് വഴി കിട്ടിയെങ്കിൽ അതെല്ലാവർക്കും വേണ്ടിയാണ്. ഇപ്പോൾ ഒരു ബാബ വന്നിട്ടുണ്ടെങ്കിൽ നിങ്ങൾക്കെല്ലാവർക്കും വഴി കാണിച്ചു തരുന്നു. എല്ലാവരെയും ദുഖത്തിന്റെ ലോകത്തിൽ നിന്ന് മോചിയ്ക്കുന്നു. അതുകൊണ്ട് ബാബയെ ലിബറേറ്റർ എന്നു പറയുന്നു. ആ നിരാകാരനു വരണമെങ്കിൽ ശരീരം വേണമല്ലോ. അതുകൊണ്ട് പുതിയ ലോകം രചിയ്ക്കുന്നതിനു വേണ്ടി പ്രജാപിതാവും ആവശ്യമാണ്. രചന ഇവിടെ രചിയ്ക്കണം. അതുകൊണ്ട് ബ്രഹ്മാവും ഇവിടത്തെ മനുഷ്യനായിരിക്കണം. സൂക്ഷ്മവതനത്തിൽ നിന്ന് ഇറങ്ങി താഴെ വരില്ലല്ലോ. പറയുന്നുമുണ്ട്– ഇപ്പോൾ ബ്രഹ്മാവിന്റെ രാത്രിയാണ്. അതുകൊണ്ട് ബ്രഹ്മാമുഖവംശാവലിയുടെയും രാത്രിയുണ്ട്. ഇപ്പോൾ അന്തിമത്തിൽ ബാബ വന്നിരിക്കുകയാണ്. പകലാക്കി മാറ്റുന്നതിനു വേണ്ടി. ബ്രഹ്മാവിന്റെ രാത്രി പൂർണമാകുമ്പോൾ ബി.കെയുടെയും രാത്രി പൂർത്തിയാകുന്നു. പ്രജാപിതാ ബ്രഹ്മാ വളരെ ശരിയാണ്. വാസ്തവത്തിൽ എല്ലാ മനുഷ്യാത്മാക്കളുടെയും അച്ഛനെന്ന് പരമാത്മാവിനെത്തന്നെയാണ് പറയുന്നത്. എല്ലാവരും ബാബയെ ഗോഡ്ഫാദർ പരമപിതാപരമാത്മാ എന്നു പറയുന്നു. വിവേകശാലികളായ മനുഷ്യർ ഗോഡ്ഫാദർ എന്നു പറയുമ്പോൾ ഏതെങ്കിലും മനുഷ്യരെയല്ല ഓർമിക്കുക. ചിലർ പറയുന്നു– ജ്യോതിസ്വരൂപമാണ്, ബ്രഹ്മമാണ്. ബ്രഹ്മാ, വിഷ്ണു, ശങ്കരനെയാണെങ്കിൽ ബ്രഹ്മമെന്നു പറയില്ല. അതുകൊണ്ട് ആദ്യമാദ്യം നമ്മുടെ പരിചയം കൊടുക്കണം– നമ്മൾ ബി.കെ യാണ്. ബ്രഹ്മാവിനെയും രചിയ്ക്കുന്നത് പരമപിതാപരമാത്മാവാണ്. പിന്നീട് ബ്രഹ്മാമുഖത്തിലൂടെ ബ്രാഹ്മണരെ രചിച്ചു. പ്രജാപിതാ തീർച്ചയായുമുണ്ട്. വളരെ സന്താനങ്ങളുമുണ്ട്. ഇങ്ങനെ കുലം വർധിച്ചുകൊണ്ടിരിക്കുന്നു. ബ്രാഹ്മണരുടെ കുലം മാറി സത്യയുഗത്തിൽ ദേവതകളാകുന്നു. എന്തുകൊണ്ടെന്നാൽ ബാബയിരുന്ന് ബ്രാഹ്മണരെ രാജയോഗം പഠിപ്പിക്കുകയാണ്. ബാബ പറയുന്നു– നിങ്ങൾ എന്നിലൂടെ എന്നെയും എന്റെ രചനയെയും അറിയുന്നതിലൂടെ എല്ലാം അറിയുന്നു. ബാക്കി ഇനി ഒന്നും അറിയാനില്ല. ഇത്രയും വലിയ പരീക്ഷയാണ് പാസാകുന്നത് അർത്ഥം മാസ്റ്റർ നോളജ്ഫുളായി മാറി. ഗോഡ്ലി സ്റ്റുഡന്റ് ബ്രാഹ്മണർ മാത്രമാണ് ആകുന്നത്. ദേവതകൾ, വൈശ്യർ, ശൂദ്രർ ഇവരൊന്നും ഗോഡ്ലി സ്റ്റുഡന്റ് ആകുന്നില്ല. ഭഗവാനു വാചാ ബ്രാഹ്മണരോടാണ് ഉണ്ടാകുന്നത്. അഥവാ കൃഷ്ണഭഗവാനുവാചയാണെങ്കിലും ആരോടാണ് പറയുന്നത്? തീർച്ചയായും ബ്രാഹ്മണർ വേണമല്ലോ. അതുകൊണ്ട് പ്രജാപിതാവിലൂടെ ബ്രാഹ്മണരെ രചിയ്ക്കുന്നു. രുദ്രജ്ഞാനയജ്ഞവും ബ്രഹ്മാവു തന്നെയാണ് രചിക്കുന്നത്. കൃഷ്ണജ്ഞാനയജ്ഞം എന്ന് ഒരിക്കലും പറയില്ല. അതുകൊണ്ട് ആദ്യമാദ്യം മനസിലാക്കിക്കൊടുക്കണം–നമ്മളെ പഠിപ്പിയ്ക്കുന്നത് സ്വയം പരമപിതാപരമാത്മാവാണ്. അദ്ദേഹം ജ്ഞാനസാഗരനാണ്. അദ്ദേഹം നമ്മുടെ അച്ഛനും ടീച്ചറും സദ്ഗുരുവുമാണ്. പിന്നെ ഇതിൽ തല തിരിഞ്ഞ ചോദ്യങ്ങൾ ചോദിയ്ക്കേണ്ട ആവശ്യമില്ല. ഇത്രയധികം ബി.കെകളുണ്ട്. ഒന്നോ രണ്ടോ അല്ല. ആദ്യമാദ്യം പഠിപ്പിക്കേണ്ടത് അല്ലാഹുവിനെക്കുറിച്ചാണ്. അല്ലാഹു ഇല്ലാതെ മനുഷ്യർക്ക് ഒന്നും മനസിലാവില്ല. അവർക്ക് മനസിലാക്കിക്കൊടുക്കണം–പരംപിതാ പരമാത്മാ ശിവൻ ബ്രഹ്മാമുഖത്തിലൂടെ ബ്രാഹ്മണനെ രചിയ്ക്കുകയാണ്. ബ്രഹ്മാവ് ഒറ്റയ്ക്കല്ല രചിയ്ക്കുന്നത്. ഈ പോയിന്റുകൾ ധാരണ ചെയ്യേണ്ടതാണ്. ബാബയുടെ അടുത്ത് ജ്ഞാനമുണ്ടെങ്കിൽ നിങ്ങൾക്ക് ഡെലിവറി ചെയ്യുന്നു. നിങ്ങൾ ജ്ഞാനഗംഗകളാണ്. സാഗരം ഒന്നേയുള്ളൂ. ഈ ബ്രഹ്മാവും ജ്ഞാനം പഠിപ്പിക്കുകയാണ്. അതുകൊണ്ട് ഇദ്ദേഹവും ജ്ഞാനഗംഗയാണ്. ജ്ഞാനം പഠിപ്പിക്കുന്നവരെയെല്ലാം ജ്ഞാനഗംഗ എന്നാണ് പറയുന്നത്. ഇതിൽ സ്ത്രീയും പുരുഷനുമെല്ലാം വരുന്നുണ്ട്. ജ്ഞാനസാഗരൻ ഒരേയൊരു ബാബ മാത്രമാണ്. ഇവിടെ നോക്കൂ– വെള്ളത്തിന്റെ സാഗരത്തെ മുറിച്ചിരിയ്ക്കുകയാണ്. സത്യയുഗത്തിൽ എപ്പോഴാണോ ഒരേയൊരു സൂര്യവംശി രാജധാനി ഉണ്ടായിരുന്നത് അപ്പോൾ സാഗരത്തെ മുറിച്ചിരുന്നില്ല. എവിടെയെങ്കിലും പോയി സവാരി ചെയ്തിരുന്നു. അവിടെ ആരും പറഞ്ഞിരുന്നില്ല–എന്റെ അതിർത്തിയിലേക്ക് വരരുതെന്ന്, അഥവാ ജലം എടുക്കരുതെന്ന്. ഇവിടെയാണെങ്കിൽ പരസ്പരം വെള്ളം പോലും നിർത്തൽ ചെയ്യുന്നു. എത്രയാണ് കീറിമുറിച്ചിരിയ്ക്കുന്നത്. നമ്മളിപ്പോൾ സത്യഖണ്ഡമായ സ്വർഗത്തിന്റെ സ്ഥാപന ചെയ്തുകൊണ്ടിരിക്കുകയാണ്. ബാബയുടെയും വിചാരസാഗരമഥനം നടക്കുന്നുണ്ട്. അതുകൊണ്ടാണ് മനസിലാക്കിത്തരുന്നത്. ബ്രഹ്മാവും പറയുന്നുണ്ട് എല്ലാ  ജീവാത്മാക്കളും എന്റെ കുട്ടികളാണ്. ആദിദേവൻ അഥവാ ആദം എല്ലാവരുടെയും അച്ഛനാണ്. ഇങ്ങനെയുമില്ല–ആ സമയത്ത് ഒരു മനുഷ്യരും ഉണ്ടായിരുന്നില്ല, പിന്നീട് ആദം മനുഷ്യരെ ഉണ്ടാക്കി. അങ്ങനെയല്ല, നിരാകാരനായ ബാബയ്ക്ക് ആദ്യം തീർച്ചയായും ആദമിൽ വരേണ്ടതായിട്ടുണ്ട്. അപ്പോഴാണ് മുഖവംശാവലി രചിയ്ക്കുന്നത്. ബാക്കി ഇങ്ങനെയില്ല– ആരെങ്കിലും വായിലൂടെ വന്നു, അല്ലെങ്കിൽ മൂക്കിലൂടെ അല്ലെങ്കിൽ വായുവിലൂടെ ജന്മമെടുത്തു. ഇതൊക്കെ ഭക്തിയിലെ കാര്യങ്ങളാണ്. മനുഷ്യരാണെങ്കിൽ മത്സ്യത്തിനെപ്പോലും പൂജിച്ചു കൊണ്ടിരിക്കുന്നു. അതുകൊണ്ട് ആദ്യമാദ്യം അറിയേണ്ടത് ആത്മാക്കളുടെ അച്ഛൻ ആരാണെന്നാണ്.അവർ തീർച്ചയായും സ്വർഗം രചിയ്ക്കുന്നുണ്ടാവും–ഇപ്പോഴാണെങ്കിൽ നരകമാണ്. നമ്മളിപ്പോൾ സ്വർഗത്തിലേക്കു വേണ്ടി രാജയോഗം അഭ്യസിയ്ക്കുകയാണ് പരംപിതാപരമാത്മാവിലൂടെ. ബ്രഹ്മാവും ബാബ

യിൽ നിന്നാണ് പഠിയ്ക്കുന്നത്. പരംപിതാ പരമാത്മാവ് സർവആത്മാക്കളുടെയും അച്ഛനാണ്. ബ്രഹ്മാവ് ജീവാത്മാക്കളുടെ അച്ഛനാണ്. നമ്മൾ അവരുടെ മുഖവംശാവലി ബ്രഹ്മാകുമാർ കുമാരിമാരാണ്. എന്നാൽ നമുക്ക് ജ്ഞാനം തരുന്നത് ജ്ഞാനസാഗരനായ ബാബയാണ്. നമ്മൾ ശ്രീമതത്തിലൂടെയാണ് നടക്കുന്നത്. അതും വളരെ മുഖ്യമാണ്. ബ്രഹ്മാവിന്റെ മതം പ്രശസ്തമാണ്. ഇങ്ങനെ ഒരിയ്ക്കലും പറയാറില്ല- വിഷ്ണു തന്നെ ഇറങ്ങി വന്നാലും നിങ്ങൾ മാനിയ്ക്കില്ലെന്ന്. ഇതും ബ്രഹ്മാവിനെക്കൊണ്ടാണ് പറയുന്നത്. ബ്രഹ്മാവിന് ജ്ഞാനം കൊടുക്കുന്നതും ശിവനാണ്. നിങ്ങൾ തന്നെയാണ് ശ്രീമതത്തിലൂടെ നടന്ന് ശ്രേഷ്ഠമാകുന്നത്. ബാബ മനസിലാക്കിത്തരുകയാണ്-ഞാൻ വന്ന് ദേവതാധർമ്മത്തിന്റെ സ്ഥാപന ചെയ്യുകയാണ്. ഈ ആര്യസമാജികൾ എത്രയാണ് ബുദ്ധിമുട്ടിക്കുന്നത്. അവരോട് പറയൂ-നിങ്ങൾ ദേവതകളെ മാനിയ്ക്കുന്നില്ല, അവരെ എതിർക്കുകയാണ് ചെയ്യുന്നത്. ഞങ്ങൾ ദേവീദേവതാധർമ്മത്തിൽ പെട്ടവരാണ്. നിങ്ങളുടെ ധർമ്മം വേറെ, ദേവീദേവതാധർമ്മം വേറെ. എല്ലാവർക്കും സ്വാതന്ത്ര്യമുണ്ട്. തന്റെ ധർമ്മത്തിൽ എന്തെങ്കിലും ചെയ്യട്ടെ. മുസൽമാന്മാരുടെ ധർമ്മം വ്യത്യസ്തമാണ്. അവർ വളരെയധികം വാദപ്രതിവാദം ചെയ്യുന്നുണ്ട്-നിങ്ങൾ എന്താണിങ്ങനെയൊക്കെ ചെയ്യുന്നത്. വാസ്തവത്തിൽ നമ്മുടെ ധർമ്മം ആദിസനാതനദേവീദേവതാധർമ്മമാണ്. അതിനെത്തന്നെയാണ് പ്രചരിപ്പിക്കുന്നത്. അതിൽ നിങ്ങളെന്തിനാണ് ഇടപെടുന്നത്? അവർക്കും യുക്തിയോടുകൂടി മനസിലാക്കിക്കൊടുക്കണം. അവരോടു ഡിസ്കസ് ചെയ്യേണ്ട ആവശ്യമില്ല. അവർ അതുകൊണ്ടൊന്നും മനസിലാക്കില്ല. ആരെങ്കിലും വരികയാണെങ്കിൽ ബാബയുടെ പരിചയം കൊടുക്കൂ. നമ്മൾ ബാബയിൽ നിന്ന് സമ്പത്തെടുക്കുകയാണ്. നിങ്ങൾക്കും എടുക്കണമെങ്കിൽ എടുത്തോളൂ. ബാബ അമരലോകം സ്ഥാപിക്കുകയാണ്. അതുകൊണ്ട് നിങ്ങൾക്ക് തീർച്ചയായും പാവനമായി മാറുക തന്നെ വേണം. ബാബ പറയുന്നു- ഈ രാവണനിൽ നിന്ന് വിജയം തീർച്ചയായും പ്രാപ്തമാക്കണം. നമ്മൾ ശക്തിസേനകൾ വിജയം പ്രാപ്തമാക്കിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ ഉസ്താദ് എങ്ങനെയാണ് നമ്മളെ വിജയം പ്രാപ്തമാക്കാൻ പഠിപ്പിക്കുന്നത്. അതുകൊണ്ട് വരൂ. എങ്കിൽ ഞങ്ങൾ നിങ്ങൾക്ക് മനസിലാക്കിത്തരാം. അഥവാ നിങ്ങൾക്ക് വിജയം പ്രാപിക്കണമെങ്കിൽ നിങ്ങളും ആ ശക്തിസാഗരത്തിൽ സമർപ്പണമാകൂ. ബാക്കി ആവശ്യമില്ലാത്ത കാര്യങ്ങളൊന്നും പറയരുത്. എന്നാൽ ഇതു ധൈര്യത്തോടെ പറയാൻ കഴിയുന്നത് അവർക്കാണ്, ആരുടെയടുത്താണോ ജ്ഞാനത്തിന്റെ മൂലധനമുള്ളത്. ശരി.

വളരെക്കാലത്തെ വേർപാടിന് ശേഷം കളഞ്ഞ് പോയി തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണക്കുള്ള മുഖ്യമായ സാരം -

1. ജ്ഞാനത്തെ മന:പാഠമാക്കി മാസ്റ്റർ ജ്ഞാനസാഗരൻ അഥവാ ജ്ഞാനഗംഗയായി മാറി പതീതരെ പാവനമാക്കി മാറ്റുന്നതിന്റെ സേവ ചെയ്യണം.

2. ഓരോരുത്തർക്കും വളരെ യുക്തിയോടെ പറഞ്ഞുമനസിലാക്കിക്കൊടുക്കണം. ആരോടും ചർച്ച ചെയ്യേണ്ട ആവശ്യമില്ല. എല്ലാവർക്കും ബാബയുടെ പരിചയം കൊടുക്കണം.

## വരദാനം - പവിത്രതയുടെ വ്യക്തിത്വത്തിലൂടെയും രാജകീയതയിലൂടെയും അച്ഛന്റെ സമീപം വരുന്ന ദേഹീഅഭിമാനിയായി ഭവിക്കട്ടെ

ശരീരത്തിന്റെ വ്യക്തിത്വം ആത്മാക്കളെ എങ്ങനെയാണോ ദേഹബോധത്തിലേക്ക് കൊണ്ടുവരുന്നത് ഇങ്ങനെ പവിത്രതയുടെ വ്യക്തിത്വം ദേഹീഅഭിമാനിയാക്കി ബാബയുടെ സമീപം കൊണ്ടുവരുന്നു.പവിത്രതയുടെ വ്യക്തിത്വം ആത്മാക്കളെ പവിത്രതയുടെ നേർക്ക് ആകർഷിക്കുന്നു, പവിത്രതയുടെ വ്യക്തിത്വം ധർമരാജപുരിയുടെ പിഴയൊടുക്കുന്നതിൽ നിന്ന് മോചിപ്പിക്കുന്നു. ഇതേ രാജകീയതയിലൂടെ ഭാവി രാജകുടുംബത്തിലും വരാനാവും. ദേഹീഅഭിമാനികുട്ടികൾ ഈ വ്യക്തിത്വത്തിലൂടെ അച്ഛന്റെ സാക്ഷാത്കാരം ചെയ്യിക്കുന്ന ആത്മീയ ദർപ്പണമായി മാറുന്നു.

## സ്ലോഗൻ -ഓരോരുത്തരുടെയും വിശേഷതയെ കാണാനുള്ള കണ്ണട സദാ അണിഞ്ഞുകൊണ്ടിരിക്കൂ എങ്കിൽ വിശേഷആത്മാവായി മാറും

## മാതേശ്വരിയുടെ അമൂല്യമായ മഹാവാക്യങ്ങൾ: 21.1.57

**1. ഈ ഈശ്വരീയസത്സംഗം, സാധാരണ സത്സംഗമല്ല.**

ഇത് ഈശ്വരീയ സ്കൂളാണ്, കോളജാണ്. ഈ സ്കൂളിൽ നമുക്ക് റെഗുലറായി പഠിയ്ക്കണം. ബാക്കി വെറുതെ സത്സംഗം ചെയ്യുക, കുറച്ചു സമയം അവിടെ കേട്ടു, ഇതുകൊണ്ട് ഏതുപോലെയായിരുന്നോ അതുപോലെത്തന്നെ ആയിത്തീരുന്നു. എന്തുകൊണ്ടെന്നാൽ അവിടെ റെഗുലർ പഠിത്തമൊന്നും ലഭിയ്ക്കുന്നില്ല, അവിടെ നിന്ന് എന്തെങ്കിലും പ്രാലബ്ധം ഉണ്ടാവുന്നില്ല. അതുകൊണ്ട് നമ്മുടെ സത്സംഗം ഏതെങ്കിലും കോമൺ സത്സംഗമല്ല. നമ്മുടേത് ഈശ്വരീയ കോളജാണ്. ഇവിടെ പരമാത്മാവിരുന്ന് നമ്മളെ പഠിപ്പിക്കുകയാണ്. നമ്മൾ ഈ പഠിപ്പിനെ പൂർണമായും ധാരണ ചെയ്ത് ഉയർന്ന പദവി പ്രാപ്തമാക്കുന്നു. ദിവസവും സ്കൂളിൽ മാസ്റ്റർ പഠിപ്പിക്കുന്നതും ഡിഗ്രി തരുന്നതും പോലെ ഇവിടെയും സ്വയം പരമാത്മാവ് ഗുരു, പിതാ, ടീച്ചർ എന്നീ രൂപത്തിൽ നമ്മളെ പഠിപ്പിച്ച് സർവോത്തമദേവീദേവതാപദവി പ്രാപ്തമാക്കിത്തരുന്നു. അതുകൊണ്ട് ഈ സ്കൂളിൽ തീർച്ചയായും ചേരണം. ഇവിടെ വരുന്നവർക്ക് ഈ നോളജ് മനസിലാക്കുക തന്നെ വേണം. ഇവിടെ ഏതൊരു പഠിപ്പാണ് ലഭിക്കുന്നത്, ഈ പഠിപ്പ് പഠിക്കുന്നതുകൊണ്ട് നമുക്ക് ഏതൊരു പ്രാപ്തിയാണ് ലഭിയ്ക്കുന്നത്! നമ്മൾ മനസിലാക്കിയിരിക്കുന്നു- പരമാത്മാ വന്ന് ഡിഗ്രി പാസാക്കുകയാണ്. പിന്നീട് ഓരോയൊരു ജന്മത്തിൽ തന്നെ മുഴുവൻ കോഴ്സും പൂർത്തിയാക്കണം. അതുകൊണ്ട് ആരാണോ തുടക്കം മുതൽ അന്തിമം വരെ ഈ ജ്ഞാനത്തിന്റെ കോഴ്സിനെ പൂർണരീതിയിൽ എടുക്കുന്നത് അവർ ഫുൾ പാസാകുന്നു. ബാക്കി ആരാണോ കോഴ്സിന്റെ ഇടയിൽ വരുന്നത് അവർക്ക് ഇത്രയും നോളജ് എടുക്കാൻ സാധിക്കില്ല. അവർക്ക് ആദ്യം എടുത്ത കോഴ്സിനെക്കുറിച്ച് എന്താണറിയുക? അതുകൊണ്ട് ഇവിടെ റെഗുലർ പഠിക്കണം. ഈ നോളജിനെ അറിയുന്നതിലൂടെ മുന്നോട്ടു പോകാൻ സാധിക്കും. അതുകൊണ്ട് റെഗുലറായി പഠിക്കണം.

**2.പരമാത്മാവിന്റെ സത്യമായ കുട്ടിയായി മാറി എന്തെങ്കിലും സംശയത്തിൽ വരരുത്.**

ഭഗവാനുവാച, കുട്ടികളെ പ്രതി കുട്ടികളെ, എപ്പോഴാണോ പരമാത്മാവ് സ്വയം ഈ സൃഷ്ടിയിൽ ഇറങ്ങിയിരിക്കുന്നത് അപ്പോൾ ആ പരമാത്മാവിന് നമ്മൾ പക്ക കൈകൾ കൊടുക്കണം. എന്നാൽ പക്ക സത്യമായ കുട്ടികൾക്കു തന്നെയാണ് ബാബയ്ക്ക് കൈകൾ കൊടുക്കാൻ സാധിക്കുന്നത്. ഈ ബാബയുടെ കൈ ഒരിക്കലും വിടരുത്. അഥവാ വിടുകയാണെങ്കിൽ പിന്നെ നിർധനരായി മാറി എവിടെപ്പോകും. എപ്പോൾ പരമാത്മാവിന്റെ കൈകൾ പിടിച്ചുവോ പിന്നീട് സൂക്ഷ്മത്തിൽ ഇങ്ങനെയുള്ള സങ്കല്പങ്ങളൊന്നും വരരുത്- ഞാൻ വിട്ടാലോ. ഇങ്ങനെയുള്ള സംശയങ്ങളൊന്നും വരരുത്-അറിഞ്ഞുകൂടാ എനിക്ക് മറികടക്കാൻ സാധിക്കുമോ അതോ ഇല്ലേ. ചില കുട്ടികൾ ഇങ്ങനെയുമുണ്ട് പിതാവിനെ തിരിച്ചറിയാത്തതുകൊണ്ട് പിതാവിനെയും നേരിടുന്നു. എന്നിട്ട് ഇങ്ങനെയും പറയുന്നു-എനിക്ക് ആരെയും ഭയമില്ല. അഥവാ ഇങ്ങനെയുള്ള ചിന്തകൾ വന്നിട്ടുണ്ടെങ്കിൽ ഇങ്ങനെയുള്ള യോഗ്യതയില്ലാത്ത കുട്ടികളുടെ സംരക്ഷണം പിതാവ് എങ്ങനെയാണ് ചെയ്യുക. പിന്നെ മനസിലാക്കിക്കോളൂ വീണാൽ വീണു. എന്തുകൊണ്ടെന്നാൽ മായ വീഴ്ത്താനുള്ള പരിശ്രമം വളരെയധികം ചെയ്യുന്നുണ്ട്. കാരണം പരീക്ഷ തീർച്ചയായും എടുക്കുമല്ലോ-എത്രത്തോളം യോദ്ധാവ് ശക്തിവാൻ ആയിട്ടുണ്ട്. ഇപ്പോൾ ഇതും തീർച്ചയാണ്-എത്രത്തോളം നമ്മൾ പ്രഭുവിന്റെ കൂടെ ശക്തിശാലിയായി മാറുന്നുവോ അത്രത്തോളം മായയും ശക്തിശാലിയായി മാറി നമ്മളെ വീഴ്ത്താനുള്ള പരിശ്രമം നടത്തും. ജോഡി പൂർണമായും ഉണ്ടാക്കപ്പെടും. എത്രത്തോളം പ്രഭു ബലവാനാണോ അപ്പോൾ മായയും അത്ര തന്നെ ബലവാനായി കാണപ്പെടും. എന്നാൽ സ്വയത്തിന് പക്ക നിശ്ചയമുണ്ടായിരിക്കണം. അവസാനം പരമാത്മാവു തന്നെയാണ് മഹാ ബലവാനായിട്ടുള്ളത്. അന്തിമവിജയവും പരമാത്മാവിന്റേതു തന്നെയാണ്. ഓരോ ശ്വാസത്തിലും ഈ വിശ്വാസത്തിൽ സ്ഥിതി ചെയ്യണം. മായയ്ക്ക് തന്റെ ശക്തി കാണിക്കണം, മായ പ്രഭുവിന്റെ മുന്നിൽ തന്റെ ബലഹീനത കാണിക്കില്ല. ഒരു പ്രാവശ്യമെങ്കിലും തന്റെ ബലഹീനത കാണിച്ചുവെങ്കിൽ കഴിഞ്ഞു. അതുകൊണ്ട് മായ തന്റെ ശക്തി കാണിക്കട്ടെ. എന്നാൽ സ്വയത്തെ മായാപതിയുടെ കൈകളിൽ നിന്ന് വിടുവിക്കരുത്. ആ കൈകൾ പൂർണമായും പിടിച്ചിട്ടുണ്ടെങ്കിൽ തീരുമാനിച്ചോളൂ-വിജയം തീർച്ചയായും ഉണ്ട്. എപ്പോൾ പരമാത്മാവ് നമ്മുടെ അധികാരിയാണോ അപ്പോൾ കൈ വിടുന്നതിന്റെ സങ്കല്പം പോലും വരരുത്. അഥവാ കൈ വിടുകയാണെങ്കിൽ അവർ വലിയ വിഡ്ഢി തന്നെയാണ്. അതുകൊണ്ട് പരമാത്മാവു പറയുകയാണ്- കുട്ടികളേ, ഞാൻ സ്വയം സമർത്ഥനായിരിക്കുമ്പോൾ എന്റെ കൂടെയിരുന്നുകൊണ്ട് നിങ്ങളും തീർച്ചയായും സമർത്ഥരായി മാറുക തന്നെ വേണം. മനസിലായോ, കുട്ടികളേ! ശരി. ഓം ശാന്തി.